സഹകരണമേഖലയിൽ വിദ്യാഭ്യാസസ്ഥാപനങ്ങൾ ആരംഭിക്കാൻ നടപടി

12(*192) ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. സി. എഫ്. തോമസ് :
ശ്രീ. കെ. എം. മാണി :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. മാമ്മൻ മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ സഹകരണ മേഖലയിൽ ആരംഭിക്കാനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കാമോ ;

(ബി) ഈ ആവശ്യം മുൻനിർത്തി രജിസ്റ്റർ ചെയ്ത കോ-ഓപ്പറേറ്റീവ് അക്കാഡമി ഓഫ് പ്രൊഫഷണൽ എജ്യുക്കേഷൻ (കേരള) എന്ന സ്ഥാപനം നാളിതുവരെ ഏതൊക്കെ സ്ഥാപനങ്ങളിൽ നിന്നും എന്ത് തുക വീതം സമാഹരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(സി) ഏതൊക്കെ സ്ഥലങ്ങളിൽ ഏതൊക്കെ വിദ്യാഭ്യാസ സ്ഥാപനങ്ങളാണ് ആരംഭിക്കാൻ ലക്ഷ്യമിട്ടിട്ടുള്ളതെന്നും അവയുടെ രൂപരേഖ തയ്യാറായിട്ടുണ്ടോ എന്നും വിശദമാക്കാമോ ;

(ഡി) ഈ വിഭാഗത്തിലുള്ള ഏതെങ്കിലും സ്ഥാപനങ്ങൾ ആരംഭിച്ചിട്ടുണ്ടെങ്കിൽ അത് ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ ;

(ഇ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് സഹകരണമേഖലയിൽ സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിച്ചിരുന്നോ ;

(എഫ്) എങ്കിൽ ഏതൊക്കെയാണെന്ന് അറിയിക്കാമോ ?

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :

(എ) സഹകരണ അക്കാഡമിയുടെ (കോ-ഓപ്പറേറ്റീവ് അക്കാഡമി ഓഫ് പ്രൊഫഷണൽ എജ്യുക്കേഷൻ) ആഭിമുഖ്യത്തിൽ വടകരയിൽ ഒരു എഞ്ചിനീയറിംഗ് കോളേജ് ഈ വർഷം ആരംഭിച്ചു. അടുത്ത അദ്ധ്യായന വർഷം കോഴ്സ് തുടങ്ങുവാൻ വേണ്ടി ഒരു മെഡിക്കൽ കോളേജിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ ധൃതഗതിയിൽ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. കൂടാതെ ഒൻപത് എഞ്ചിനീയറിംഗ് കോളേജുകളും മാനേജ്മെന്റ് വിഷയത്തിൽ (എം.ബി.എ) ഒരു കോളേജും അടുത്ത വർഷം ആരംഭിക്കുവാനുള്ള പ്രവർത്തനങ്ങൾ തുടങ്ങിയിട്ടുണ്ട്.

(ബി) കേരള സംസ്ഥാന സഹകരണ ബാങ്ക്, ജില്ലാ സഹകരണ ബാങ്കുകൾ എന്നിവയിൽ നിന്നുമാണ്. സഹകരണ അക്കാഡമിയുടെ പ്രവർത്തനത്തിനാവശ്യമായ തുക സമാഹരിച്ചിട്ടുള്ളത്. നാളിതുവരെ അപ്രകാരം ലഭ്യമായ തുകയുടെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

1.	സംസ്ഥാന സഹകരണ ബാങ്ക്	-	1 കോടി
2.	എറണാകുളം ജില്ലാ സഹകരണ ബാങ്ക്	-	75 ലക്ഷം
3.	തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്ക്	-	75 ലക്ഷം
4.	കൊല്ലം ജില്ലാ സഹകരണ ബാങ്ക്	-	50 ലക്ഷം
5.	ആലപ്പുഴ ജില്ലാ സഹകരണ ബാങ്ക്	-	75 ലക്ഷം
6.	കോഴിക്കോട് ജില്ലാ സഹകരണ ബാങ്ക്	-	50 ലക്ഷം
7.	പാലക്കാട് ജില്ലാ സഹകരണ ബാങ്ക്	-	50 ലക്ഷം
8.	പത്തനംതിട്ട ജില്ലാ സഹകരണ ബാങ്ക്	-	1 ലക്ഷം

(സി) സഹകരണ അക്കാഡമിയുടെ കീഴിൽ വടകരയിൽ ഒരു എഞ്ചിനീയറിംഗ് കോളേജ് ആരംഭിച്ചു. അടുത്ത അദ്ധ്യയന വർഷം എറണാകുളത്ത് ഒരു മെഡിക്കൽ കോളേജും വിവിധ ജില്ലകളിൽ ഒൻപത് എഞ്ചിനീയറിംഗ് കോളേജുകളും ഒരു മാനേജ്മെന്റ് (എം.ബി.എ) കോളേജും ആരംഭിക്കുന്നകാര്യം പരിഗണനയിലുണ്ട്. മെഡിക്കൽ കോളേജിനാവശ്യമായ സ്ഥലം ഏറ്റെടുക്കുകയും കോളേജ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ ധൃതഗതിയിൽ പുരോഗമിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു. കേന്ദ്ര ഗവൺമെന്റിന്റെയും മറ്റധികാരികളുടെയും (ഇന്ത്യൻ മെഡിക്കൽ കൗൺസിൽ ആൾ ഇൻഡ്യാ കൗൺസിൽ ഫോർ ടെക്നിക്കൽ എജ്യുക്കേഷൻ) പരിഗണനയ്ക്കായി മേൽപ്പറഞ്ഞ പദ്ധതികൾ സമർപ്പിച്ചിട്ടുണ്ട്.

(ഡി) സഹകരണ അക്കാഡമിയുടെ കീഴിൽ വടകരയിൽ. ബിടെക് കോഴ്സിന് ഒരു എഞ്ചിനീയറിംഗ് കോളേജ് ഈ അദ്ധ്യയനവർഷം (1999-2000) ആരംഭിച്ചു കഴിഞ്ഞിട്ടുണ്ട്.

(ഇ&എഫ്) ഇല്ല. എന്നാൽ 1860-ലെ ചാരിറ്റബിൾ സൊസൈറ്റി ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള അക്കാഡമി ഓഫ് മെഡിക്കൽ സയൻസ് എന്ന സ്ഥാപനം കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് അഡ്വാൻസ്ഡ് മെഡിക്കൽ ഹോസ്പിറ്റൽ കോപ്ലക്സ് ആന്റ് സെന്റർ ഫോർ സർവീസ് എന്ന സ്ഥാപനമായി ലിഡ് ട്രെിമെന്റിൽ മെഡിക്കൽ കോളേജ് ആരംഭിച്ചിരുന്നു. ടി ചാരിറ്റബിൾ സൊസൈറ്റിയുടെ നിയന്ത്രണം വ്യക്തികൾക്കായിരുന്നു.

ബാലവേല തടയാൻ നടപടി

13(*193) ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ :
ശ്രീ. പി. കെ. അബ്ദുറബ്ബ് :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly